**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1891** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഖേലോ ഇന്ത്യ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ഖേലോ ഇന്ത്യ പദ്ധതി പ്രകാരം ഏതെങ്കിലും പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്ന പ്രവൃത്തിക്ക് ഖേലോ ഇന്ത്യ പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പതിനാല് ജില്ലകളിലും ഓരോ ഖേലോ ഇന്ത്യ സെന്റർ വീതവും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഖേലോ ഇന്ത്യ പദ്ധതി പ്രകാരം അവസാനം അംഗീകാരം ലഭിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ; | (ബി) | ഖേലോ ഇന്ത്യ പദ്ധതിയിലുൾപ്പെടുത്തി അവസാനം അംഗീകാരം ലഭിച്ചത് ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്ന പ്രവൃത്തിക്കാണ്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണോദ്ഘാടനം 2024 ഒക്ടോബർ മാസം നിർവ്വഹിക്കുന്നതാണ്.<br><br>കൂടാതെ 2022-2023 സാമ്പത്തിക വർഷം ഖേലോ ഇന്ത്യ പദ്ധതിക്കായി ഓരോ സെന്ററിനും കളിസ്ഥലം മെച്ചപ്പെടുത്തുന്നതിനും, കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും, പരിശീലകർക്ക് വേതനം നൽകുന്നതിനുമായി 7 ലക്ഷം രൂപ വീതം 84 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2024-2025 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി നടത്തിപ്പിനായി 50,31,732/- രൂപയും അനുവദിച്ചിരുന്നു. 12 സെന്ററുകളിൽ എറണാകുളം ഒഴികെ ബാക്കി 11 ഖേലോ ഇന്ത്യ സെന്ററുകളിൽ പരിശീലനം തുടരുന്നു. |
| (സി) | നിലവിൽ ഖേലോ ഇന്ത്യ പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | നിലവിൽ അഞ്ച് പദ്ധതികളാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. ഖേലോ ഇന്ത്യ പോർട്ടൽ മുഖേന സമർപ്പിച്ച പദ്ധതികളുടെ പരിശോധന കേന്ദ്ര സർക്കാർ നടത്തി വരുകയാണ്. അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം 1 ആയി ചേർക്കുന്നു |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ പതിനാല് ജില്ലകളിലും ഖേലോ ഇന്ത്യ പദ്ധതി പ്രകാരം കൂടുതൽ കളി സ്ഥലവും സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്തെ പതിനാല് ജില്ലകളിലും ഖേലോ ഇന്ത്യ പദ്ധതി പ്രകാരം കൂടുതൽ കളി സ്ഥലവും സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

| ക്ര. നം | പ്രവൃത്തിയുടെ പേര് | ജില്ല | തുക രൂപയിൽ |
|---|---|---|---|
| 1 | ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ അത്‌ലറ്റിക് സിന്തറ്റിക് ട്രാക്ക് നിർമ്മാണം | തൃശ്ശൂർ | 10.18 കോടി |
| 2 | പിരപ്പൻകോട് ഗവൺമെൻറ് വി.എച്ച്.എസ്.എസിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മാണം | തിരുവനന്തപുരം | 6.35 കോടി |
| 3 | പ്രമാടം ഖേലോ ഇന്ത്യ വോളീബോൾ അക്കാദമിയിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മാണം | പത്തനംതിട്ട | 6.47 കോടി |
| 4 | ബേപ്പൂരിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മാണം | കോഴിക്കോട് | 4.22 കോടി |
| 5 | കാലിക്കറ്റ് സർവ്വകലാശാല കാമ്പസിൽ സിന്തറ്റിക് ഹോക്കി ടർഫ് നിർമ്മാണം | മലപ്പുറം | 8 കോടി |

Rajesh R Pillai
സെക്ഷൻ ഓഫീസർ